പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3336

14.07.2015-ൽ മറുപടിക്ക്

## മുദ്രപ്പത്രത്തിന്റെ ഉയർന്ന വില താഴ്ത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| എ) | വിവിധ കരാറുകൾക്കും ഉടമ്പടികൾക്കും ഉപയോഗിക്കുന്ന മുദ്രപ്പത്രം 100 രൂപയിൽ നിന്നും 500 രൂപയായി ഈ സാമ്പത്തിക വർഷം ഉയർത്താനുണ്ടായ കാരണം വ്യക്തമാക്കാമോ ; | എ) | സംസ്ഥാന സർക്കാരിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ, 2015-16-ലെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകൾക്കും ഉടമ്പടികൾക്കും ഉപയോഗിക്കുന്ന മുദ്രപ്പത്രത്തിന്റെ വില 100/- രൂപയിൽ നിന്ന് 500/- രൂപയായി ഉയർത്തിയത്. |
| ബി) | വാടകച്ചീട്ട് ഉൾപ്പെടെ ഓരോ വർഷവും പുതുക്കേണ്ട കരാറുകൾക്ക് വിലകൂടിയ മുദ്രപ്പത്രം ഉപയോഗിക്കേണ്ടതുമൂലം സാധാരണക്കാരായ നിരവധിയാളുകൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | 100 രൂപ വിലയുള്ള മുദ്രപ്പത്രം എന്നുമുതലാണ് കരാറുകൾക്ക് ഏർപ്പെടുത്തിയിരുന്നത് ; ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരിഹരിച്ച് കരാറുകൾക്കുള്ള മുദ്രപ്പത്രത്തിന്റെ വില താഴ്ത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) | ഫിനാൻസ് ആക്ട് 2010 (2010 ലെ ആക്റ്റ് 10) മുഖേനയാണ് കരാറുകൾക്ക് 100 രൂപ വിലയുള്ള മുദ്രപ്പത്രം ഏർപ്പെടുത്തിയത്. കരാറുകൾക്കുള്ള മുദ്രപ്പത്രത്തിന്റെ വില താഴ്ത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ